# പതിനാലാം കേരള നിയമസഭ
## (പതിനെട്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1407** **06.02.2020-ൽ മറുപടിയ്ക്ക്**

### ഫിഷറീസ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ<br>,, കെ. ആൻസലൻ<br>,, വി. അബ്ദുറഹിമാൻ<br>,, എം. മുകേഷ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് തീരദേശ മേഖലകളിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) സംസ്ഥാനത്ത് തീരദേശ മേഖലകളിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരി ക്കുന്നു. |
| ബി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | ബി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാഫീസ്, സ്പെഷ്യൽ ഫീസ് മുതലായവയും നൽകി വരുന്നു.<br><br>മത്സ്യത്തൊഴിലാളികളുടെ പോസ്റ്റ് മെട്രിക് വിഭാഗത്തിൽ പഠിക്കുന്ന മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം യഥാസമയം വിതരണം ചെയ്യുന്നതിനായി ഇ-ഗ്രാന്റ്സ് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ടി പദ്ധതി മുഖേന യഥാസമയം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി 2016-17 സാമ്പത്തിക വർഷം 19.99 കോടി രൂപയും, 2017-18 സാമ്പത്തിക വർഷം 25.53 കോടി രൂപയും, 2018-19 സാമ്പത്തിക വർഷം 29.17 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട് 2019-20 സാമ്പത്തിക വർഷം വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് 29 കോടി രൂപ ഇതിനകം ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട് |
| സി) തീരദേശങ്ങളിൽ നൂറ് ശതമാനം സാക്ഷരത കൈവരിക്കുന്നതിനായി ഫിഷറീസ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) തീരദേശങ്ങളിൽ നൂറ് ശതമാനം സാക്ഷരത കൈവരിക്കുന്നതിനായി മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവ ശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറിസ് വകുപ്പിന്റെ കീഴിലുള്ള 10 ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്ക്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതികളും തീരദേശത്തെ 56 വിദ്യാലയങ്ങൾ കിഫ്ബിയിൽ |

ഉൾപ്പെടുത്തി 64.48 കോടി രൂപ ചെലവിൽ നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഡി) അക്ഷര സാഗരം പദ്ധതി കൂടുതൽ തീരപ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഡി) കേരളത്തിന്റെ തീരപ്രദേശങ്ങളിലെ സാക്ഷരതാ നിലവാരം ഉയർത്തുക നാല്, ഏഴ്, പത്ത് തുല്യതാ പരിപാടികൾ ശക്തിപ്പെടുത്തുക, തീരദേശത്ത് തുടർ വിദ്യാഭ്യാസത്തിന് അനുകൂലമായ സാഹചര്യം ഉണ്ടാക്കുക, മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് ഫിഷറീസ് വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ അക്ഷര സാഗരം പദ്ധതി നടപ്പിലാക്കി വരുന്നത്. കേരളത്തിന്റെ ഒമ്പത് തീരപ്രദേശങ്ങളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. അക്ഷര സാഗരം പദ്ധതിയുടെ ഒന്നാം ഘട്ടം തിരുവനന്തപുരം , മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ വിജയ കരമായി പൂർത്തിയാക്കിയിട്ടുണ്ട്. അക്ഷരസാഗരം പദ്ധതിയുടെ രണ്ടാം ഘട്ടം കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ടി പദ്ധതിയുടെ ഭാഗമായി സാക്ഷരതാ പരിപാടികൾ പൂർത്തീകരിക്കുകയും തുടർ പ്രവർത്തനങ്ങൾ എന്ന നിലവിൽ നാലാം തരം തുല്യതാ പരിപാടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അക്ഷര സാഗരം മൂന്നാം ഘട്ടം പദ്ധതി ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ നടപ്പാക്കി വരുന്നു.

സെക്ഷൻ ആഫീസർ

# അനുബന്ധം

സംസ്ഥാനത്ത് തീരദേശ മേഖലകളിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി തീരദേശ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധനവിന് ഉപരിയായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ്മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാഫീസ്, സ്പെഷ്യൽ ഫീസ് മുതലായവയും മത്സ്യത്തൊഴിലാളികളുടെ പോസ്റ്റ് മെട്രിക് വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യവും നൽകി വരുന്നു. കൂടാതെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിവിധ പരിശീലന പരിപാടികളും നൽകി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) **വിദ്യാതീരം പദ്ധതി**

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, റസിഡൻഷ്യൽ ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ്, പി.എസ്.സി പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം**

| വർഷം | പരിശീലനം ലഭിച്ചവർ | എം.ബി.ബി.എസ്സിന് അഡ്മിഷൻ ലഭിച്ചവർ | BDS, BAMS, BVSc, BHMS കോഴ്സിന് അഡ്മിഷൻ ലഭിച്ചവർ | ഇതര കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർ | ആകെ |
|---|---|---|---|---|---|
| 2015-16 | 47 | 11 | 4 | 14 | 29 |
| 2016-17 | 33 | 7 | 2 | 8 | 17 |
| 2017-18 | 50 | 6 | 8 | 11 | 25 |
| 2018-19 | 56 | 10 | 4 | 11 | 23 |
| **ആകെ** | **186** | **34** | **18** | **44** | **94** |

2016-17 മുതൽ 2018-19 വരെ ബാങ്ക് ടെസ്റ്റിന് 85 പേർക്കും സിവിൽ സർവ്വീസിന് 21 പേർക്കും പി.എസ്.സി ക്ക് 198 പേർക്കും പരിശീലനത്തിന് ധനസഹായം നൽകി. 2019-20 ൽ 84 വിദ്യാർത്ഥികൾ മെഡിക്കൽ എൻട്രൻസ് പരിശീലനം, 20 പേർ ബാങ്ക് ടെസ്റ്റ്, 49 പേർ പി.എസ്.സി ടെസ്റ്റ്, 12 പേർ സിവിൽ സർവ്വീസ് പരിശീലനവും നേടി വരുന്നു.

2) **മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതി:-**

മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷം 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് ടി പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാനത്തുടനീളം അപേക്ഷകൾ ക്ഷണിച്ചു. വിദ്യാർത്ഥികളെ കണ്ടെത്തി ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതി പ്രകാരം 2016-17 ൽ 10 വിദ്യാർത്ഥികൾക്കും 2017-18 ൽ 15 പേർക്കും 18-19 ൽ 11 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്

3) <u>ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി</u>

വലിയതുറ, താനൂർ, ബേപ്പൂർ, അഴീക്കൽ, കരുനാഗപ്പള്ളി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 2019-20-ൽ 24.71 കോടി രൂപയുടെ പദ്ധതി നടപ്പാക്കി വരുന്നു.

4) <u>കരിയർ ഗൈഡൻസ് പദ്ധതി</u>

തീരദേശ സ്കൂളുകളിലെ മത്സ്യത്തൊഴികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസരംഗത്തെ സാധ്യതകൾ പരിചയപ്പെടുത്തുന്നത് ലക്ഷ്യമിട്ടുകൊണ്ട് കരിയർ ഗൈഡൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 60 കരിയർ ഗൈഡൻസ് നടത്തുന്നതിനായി, 18 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷം ജില്ലകൾക്ക് നൽകി പദ്ധതി നടപ്പാക്കിയിട്ടുണ്ട് 2016-17-ൽ 72 ഉം 2017-18 ൽ 40 ഉം 2018-19 ൽ 40 ഉം കരിയർ ഗൈഡൻസ് ക്ലാസ്സുകൾ തിരദേശത്തെ സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്

5) <u>ജി.ആർ.എഫ്.ടി.എച്ച്.എസ്സുകളിലെ പ്രവർത്തന ചെലവിനങ്ങൾക്കായി ധനസഹായം നൽകുന്ന പദ്ധതി.</u>

വകുപ്പിന്റെ കീഴിലുള്ള 10 ജി.ആർ.എഫ്.ടി.എച്ച്.എസ്സുകളുടെ പ്രവർത്തന ചെലവിനങ്ങളായ മെസ്സ് അലവൻസ് യൂണിഫോം, പാഠപുസ്തകങ്ങൾ കൗൺസിലിംഗ്, സ്റ്റഡിടൂർ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോച്ചിംഗ് മെഡിക്കൽ കെയർ മൈക്രോടീച്ചിംഗ് മറ്റു ചെലവുകൾക്കായി 244.20 ലക്ഷം രൂപ 10 സ്കൂളുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്

6) <u>സ്മാർട്ട് ക്ളാസ് റൂം</u>

ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഉൾപ്പെടെ 29 സ്കൂളുകളിൽ 40 സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിച്ചു വരുന്നു.

7) <u>കായിക പരിശീലന പദ്ധതി</u>

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ കായിക പുരോഗതിക്കായി 10 ജി.ആർ.എഫ്.റ്റി.എച്ച് എസുകളിലും തീരദേശത്തെ 4 സ്ക്കൂളുകളിലും കായിക പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നു.

8) 2018 വർഷം ഓഖി ചുഴലി കൊടുങ്കാറ്റിൽ മരണപ്പെട്ടതോ കാണാതാകുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ 309 വിദ്യാർത്ഥികൾക്ക് ഡിഗ്രിതലം സൗജന്യ വിദ്യാഭ്യാസം/തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിനായി 1392.82 ലക്ഷം രൂപ സി.എം.ഡി.ആർ.എഫിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നം 2018 അദ്ധ്യയന വർഷം പ്രസ്തുത പദ്ധതി പ്രകാരം 162 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 53.75 ലക്ഷം രൂപയും 2039 അദ്ധ്യയന വർഷം 65 ലക്ഷം രൂപയും തിരുവനന്തപുരം ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.

**സെക്ഷൻ ആഫീസർ**